Rs. 10/-
**Keraleeyam**
2009 October
Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20 & 21/10/2009

## നോബൽസമ്മാനം

# പ്ലാച്ചിമട സമരത്തിന്

കെ.ആർ.

മനുഷ്യവംശവും പാരിസ്ഥിതികവ്യവസ്ഥയും തമ്മിലുള്ള സംവേദനത്തിനും അതുവഴി വെള്ളം, കാട്, മത്സ്യസമ്പത്ത്, വനമേഖല മുതലായ പ്രകൃതിവിഭവങ്ങളുടെ തുടർന്ന് കൊണ്ടുപോകാവുന്ന പങ്കുവെക്കലിനുമുള്ള ഗവേഷണപരിശ്രമങ്ങൾക്കാണ് എലിനോർ ഓസ്ട്രോമിന് ഇത്തവണത്തെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിക്കുന്നത്. ഭൂലോകത്തിന്റെ പലഭാഗങ്ങളിലും പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായികൊണ്ടിരിക്കുന്ന ഇക്കാലത്ത് അവയെ എങ്ങനെ നേരിടണമെന്ന് അറിയാവുന്ന ചിലർ പോലും അത് പ്രായോഗികതലത്തിൽ കൊണ്ടുവരാൻ വിമുഖരാണ്. ഫലമോ, നമുക്കുചുറ്റും ജീർണ്ണസിദ്ധാന്തങ്ങൾ കുന്നുകൂടുകയും പരിസ്ഥിതി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാകുകയും ചെയ്യുന്നു. എലിനോർ ഓസ്ട്രോം ന്റെ കുട്ടിക്കാലം , പണ്ടത്തെ" ഗ്രേറ്റ് ഡിപ്രഷൻ" രണ്ടാം ലോകയുദ്ധത്തിന്റെയും കാലത്താണ് കടന്നുപോകുന്നത് . ജീവസന്ധാരണത്തിന് അവശ്യം വേണ്ടതായ ഘടകങ്ങൾപോലും സാധാരണജനങ്ങൾക്ക് അപ്രാപ്യമായിരുന്ന കാലമായിരുന്നു അത്. ഭക്ഷണ വിഭവങ്ങൾ ദുർലഭമായിരുന്ന അക്കാലത്ത് അവർ പാടത്ത് ധാന്യങ്ങളും പച്ചക്കറികളും കൃഷിചെയ്ത് മിച്ചം വന്ന വിളവുകൾ അയല്ക്കാർക്കു വേണ്ടി വരും നാളുകളിലേയ്ക്കായി ടിന്നിലടച്ചു സൂക്ഷിച്ചു. മറ്റു ജനങ്ങളോടപ്പം പൊതുസമൂഹഗുണങ്ങൾക്കായി ദീർഘകാലാടിസ്ഥാനത്തിൽ വ്യാപൃതയാവാൻ ഈ പ്രവൃത്തിയാണവർക്ക് പ്രചോദനമായത്. പിന്നീടുള്ള അവരുടെ ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണപ്രവർത്തനങ്ങൾക്കും യാഥാർത്ഥ്യ ബോധം നൽകിയത് ഈ കൃഷിപരിചയമായിരുന്നു എന്ന് നിസ്സംശയം പറയാം.

കൂടുതൽ സന്തുലിതമായ സമഗ്രവികസനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടസമയമാണിതെന്ന് അവർ ഊന്നിപ്പറയുന്നു. പണ്ട് ഇത്തരം തന്ത്രങ്ങളുടെ അഭാവത്തിൽ വൻനഗരങ്ങളാണ് വികസന പ്രഭവകേന്ദ്രങ്ങളെന്നു കരുതി ഗ്രാമീണ നന്മയെ പുറകോട്ടടിക്കുകയായിരുന്നു പതിവ്. ഒരു ഏകമുഖ പരിസ്ഥിതിവിശകലന പദ്ധതി ഉടനേ രൂപികരിക്കേണ്ടിയിരിക്കുന്നു. നിർമ്മാണ പദ്ധതികൾ, മാർക്കറ്റുകൾ , സിറ്റികൾ തുടങ്ങിയ ബൃഹത് സംരഭങ്ങൾക്കുള്ള കരടുകളൊക്കെ ഈ വിശകലനത്തിനു ശേഷമേ ചർച്ച ചെയ്യപ്പെടാവൂ. കിട്ടാവുന്ന പ്രഗത്ഭ്യം മുഴുവനുപയോഗിച്ചുള്ള ഉത്തരവാദിത്വ കൂട്ടായ എല്ലാ മേഖലകളിലും നിർബന്ധമായും നടപ്പാക്കേണ്ടതാണ്.

മനുഷ്യത്വത്തിന്റെ ഏറ്റവും മനോഹര മുഖമായിരിക്കും ഇത്തരത്തിലുള്ള സ്നേഹാതുരമായ സാമ്പത്തികശാസ്ത്രം കാണിച്ചുതരുന്നത്. മനുഷ്യപുരോഗതിക്ക് "പൊതുവിഭവ" ങ്ങളുടെ നിർണ്ണായക ഭാഗധേയത്തെക്കുറിച്ച് അവർ എടുത്തു പറയുന്നു. മത്സ്യസമ്പത്ത്, ജലാശയപദ്ധതികൾ, പൊതുശാസ്ത്രസത്യങ്ങൾ എന്നിവയൊക്കെ സ്വാർത്ഥതാൽപര്യക്കാർ ഇക്കണ്ടക്കാലം മുഴുവൻ ലാഭക്കൊതിയുടെ പേരിൽ അമിതചൂഷണം ചെയ്യുകയായിരുന്നു. ഒന്നുകിൽ സർക്കാരിന്റെ കേന്ദ്രീകൃതനിയന്ത്രണമോ അല്ലെങ്കിൽ വിഭവങ്ങളുടെ സ്വകാര്യവൽക്കണമോ ആയിരുന്നു ഈ രംഗത്തെ പരമ്പരാഗത സമന്വയരീതികൾ. പക്ഷേ എലിനോർ പറയപന്നത് വിഭവങ്ങളുടെ ഉപഭോക്താക്കൾ ആരാണോ അവരുടെയെല്ലാം സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടായ്മയാണ് ഏറ്റവും ഉദാത്തമായ മൂന്നാമത്തെ മാർഗ്ഗം എന്നാണ്. നിരവധി പ്രലോഭനങ്ങൾക്കും വ്യവസ്ഥാപിത താത്പര്യങ്ങൾക്കും ഇടയിൽ സമൂഹത്തിൽ പരസ്പരം ഇടപഴകി പ്രവൃത്തിക്കുമ്പോൾ തന്നെ എങ്ങനെ ദീർഘകാലാടിസ്ഥാനത്തിൽ സംയുക്ത ഗുണങ്ങൾ സ്വന്തമാക്കാം എന്നതാണ് ഇവിടത്തെ ഏറ്റവുംപ്രധാനപ്പെട്ട പ്രശ്നം. എങ്ങനെ സംശുദ്ധമായ അർപ്പണബോധം ഉണ്ടാക്കിയെടുക്കാം എന്നതാണ് ഇവിടത്തെ വെല്ലുവിളി. നിലവിളിലുള്ള പൊതുതത്വങ്ങളുടെ സാമാന്യവൽക്കരണങ്ങളിലുള്ള അപകടത്തെ അവർ ചൂണ്ടിക്കാട്ടുന്നു.

"ഗവേണിങ്ങ് ദി കോമൺസ്", "അണ്ടർസ്റ്റാറ്റിങ് ഇൻസ്റ്റിറ്റ്യുഷണൽ ഡൈവേഴ്സിറ്റി" എന്നീ പുസ്തങ്ങളിൽ പൊതുവിഭങ്ങളുടെ ഉപഭോക്താക്കളായ സമൂഹങ്ങൾക്ക് അവയെ ദീർഘക്കാലാടിസ്ഥാനത്തിൽ എങ്ങനെ പരിപാലിക്കാം എന്ന് വിവരിക്കുന്നു. വിദ്യാർത്ഥിക്കൾക്കും വിദഗ്ധർക്കും ഒരുപോലെ സഹായകരമാണ് ഓസ്ട്രോമിന്റെ ഈ പുസ്തകങ്ങളെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു.

പ്ലാച്ചിമടയിലെ സംയുക്ത സമര സമിതി ആവശ്യപ്പെടുന്ന മിനിമം ഡിമാന്റുകളുലൊന്നാണ് കുടിവെള്ളമുൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളുടെ നിർണായാവകാശം തദ്ദേശ സ്വയംഭരണസ്ഥാനങ്ങളിൽ നിക്ഷിപ്തമാക്കണമെന്നും അതിനാവശ്യമായി നിയമനിർമ്മാണം വേണമെന്നും തന്നെയാണ്. ഭരണമേധാവിത്വവും സ്വകാര്യവൽക്കരണവും ഒരുപോലെ പ്രകൃതി വിഭങ്ങളുടെ വിനാശത്തിനാണെന്നും ഗുണഭോക്താക്കളിലേക്കുള്ള അധികാര വികേന്ദ്രീകരണമാണ് ഏറ്റവും ഉൽകൃഷ്ടമായ ബദൽസംവിധാനമെന്ന് സ്വീഡിഷ് അക്കാദമിപോലും അംഗീകരിയ്ക്കുമ്പോൾ നോബൽ സമ്മാനത്താൽ ആദരിയ്ക്കപ്പെടുന്നത്, അതിന്റെ വിശാലമായഅർത്ഥത്തിൽ പ്ലാച്ചിമടസമരസമിതിതന്നെയാണ്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com